## പ്രത്യേക പരാമർശം

### നിയമസഭാ സെക്രട്ടറിയുടെ വിരമിക്കൽ

മി. സ്പീക്കർ: നിയമസഭാ സെക്രട്ടറി ശ്രീ. വി. കെ. ബാബു പ്രകാശ് ഈ മാസം 31-ന് നിയമസഭാ സെക്രട്ടേറിയറ്റ് സർവ്വീസിൽനിന്നും ജുഡീഷ്യൽ സർവ്വീസിൽനിന്നും വിരമിക്കുകയാണ്. സെലക്ഷൻ ഗ്രേഡ് ജില്ലാ ജഡ്ജിയായിരുന്ന അദ്ദേഹം 2016 ഒക്ടോബർ 7-ാം തീയതിയാണ് നിയമസഭാ സെക്രട്ടറിയായി നിയമിതനായത്. ആലപ്പുഴയിൽ അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യവെ 01-07-1992-ലാണ് അദ്ദേഹം ജുഡീഷ്യൽ സർവ്വീസിൽ പ്രവേശിച്ചത്. തുടർന്ന് വിവിധ സ്ഥലങ്ങളിലെ കോടതികളിൽ സേവനമനുഷ്ഠിച്ചിരുന്നു. ദിനപത്രങ്ങളിലും മറ്റ് പ്രസിദ്ധീകരണങ്ങളിലും ലാ ജേർണലുകളിലും നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും 'ഭഗത്സിംഗിന്റെ വിചാരണ' എന്ന ഗ്രന്ഥം രചിക്കുകയും ചെയ്തിട്ടുണ്ട്. തന്റെ പരന്ന വായനയിലൂടെ സ്വായത്തമാക്കിയ ആഴത്തിലുള്ള അറിവിലൂടെ അപഗ്രഥനങ്ങൾ നടത്തുന്നൊരു ഉജ്ജ്വല

പ്രഭാഷകൻകൂടിയാണ് അദ്ദേഹം. 'കൗൾ ആന്റ് ശക്ധർ' മാതൃകയിൽ നിയമസഭാ നടപടികളുടെയൊരു റഫറൻസ് ഗ്രന്ഥമുൾപ്പെടെ നിയമസഭയും നിയമനിർമ്മാണവുമായി ബന്ധപ്പെട്ട 13 പുസ്തകങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രണ്ടുവർഷത്തിനുള്ളിൽ പുറത്തിറക്കാനായിയെന്നത് നിയമസഭയെ സംബന്ധിച്ചിടത്തോളം ചരിത്രനേട്ടം തന്നെയാണ്. 1957 മുതൽ ഇങ്ങോട്ടുണ്ടായ പത്ത് നിയമങ്ങളെക്കുറിച്ചും അവ കേരളത്തിലുണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ചും സമഗ്രമായി വിശദീകരിക്കുന്ന പുസ്തകം തയ്യാറായിക്കൊണ്ടിരിക്കുകയാണ്. 'അറിവോരം' എന്ന ത്രൈമാസിക പ്രസിദ്ധീകരണം ആരംഭിച്ചതും ശ്രീ. വി. കെ. ബാബു പ്രകാശ് സെക്രട്ടറിയായശേഷമാണ്. ജീവനക്കാർക്കായി 'മൊഴി' എന്ന ലിറ്റിൽ മാഗസിൻ ഈ കാലയളവിൽ ആരംഭിച്ചു. നിയമസഭ പൂർണ്ണമായും കടലാസ്രഹിതമാക്കുന്നതിനും ഹരിതപ്രോട്ടോക്കോൾ പാലിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നേതൃത്വപരമായി അദ്ദേഹം വഹിച്ച പങ്കം നിസ്തുലമാണ്. അദ്ദേഹം ഏറ്റെടുത്ത സ്തുത്യർഹവും മാതൃകാപരവുമായ സേവനങ്ങളുടെ പേരിൽ ശ്രീ. വി. കെ. ബാബുപ്രകാശിന് നിയമസഭയുടെ

എല്ലാവിധ ഭാവുകങ്ങളും നേരുന്നു.